# കുട്ടികൾ പീപ്പി ഊതിത്തന്നെ വളരണം

ഒരുവിഭാഗം വിദ്യാഭ്യാസ വിദഗ്ധരും സാംസ്കാരിക നായകരും ഡി.പി.ഇ.പി. നല്ലതാണെന്ന് തറപ്പിച്ചു പറയുമ്പോൾ മറ്റൊരുവിഭാഗം ഡി.പി.ഇ.പി. നമ്മുടെ വരും തലമുറയെ കരുതിക്കൊടുക്കലാവുമെന്ന് വിലയിരുത്തുന്നു. ഡി.പി.ഇ.പി. എന്ന വിദ്യാഭ്യാസ പരിഷ്കരണത്തിൽ രണ്ടുതരത്തിലുള്ള വാദമുഖങ്ങൾ ഏതാണ്ട് തുല്യതയിൽ തന്നെ ഉയർന്നുവന്നിട്ടുണ്ട്. ഇതിലെ നെല്ലും പതിരും വേർതിരിച്ചെടുക്കാൻ പറ്റാത്ത അവസ്ഥയിലാണ് സാധാരണ ജനം.

നാം ഇതുവരെ തുടർന്നുവന്ന വിദ്യാഭ്യാസ പദ്ധതി പരിപൂർണ പരാജയമാണ്. അതിനൊരു മാറ്റം അനിവാര്യമാണുതാനും. ഒരുപക്ഷേ, ആദ്യ



മാറ്റം പൂർണ ശരിയിലേക്കായിരിക്കണമെന്നില്ല. വിദ്യാഭ്യാസംകൊണ്ട് നാം ഉദ്ദേശിക്കുന്നത് സ്ഥിരവരുമാനം ഉറപ്പിക്കാനുതകുന്ന ഒരു തൊഴിൽ മാത്രമല്ല എന്നിരിക്കെ, നാം വീണ്ടുവിചാരത്തിനും മാറ്റത്തിനും തയ്യാറാവണം.

സാമൂഹ്യബോധവും സാമൂഹ്യപ്രതിബദ്ധതയുമുള്ള ജനതയെ സൃഷ്ടിക്കാൻ കഴിയാത്ത, സാംസ്കാരസമ്പന്നരായ യുവതലമുറയെ വാർത്തെടുക്കാൻ കഴിയാത്ത, വ്യക്തിയുടെ സ്വഭാവരൂപീകരണത്തിന് കാര്യമായി ഒന്നും ചെയ്യാത്ത, സ്വതസിദ്ധമായ വാസന വളർത്താൻ തെല്ലും ഉതകാത്ത, മറ്റുള്ളവരെയൊക്കെ ഏതുവിധേനയും പിന്നിലാക്കാൻ പ്രേരണ നല്കുന്ന സ്വാർഥത വളർത്തുന്ന, പഠിച്ചതൊന്നും നിത്യജീവിതത്തിൽ പ്രയോജനപ്പെടാത്ത, ആരോഗ്യത്തിലും ആഹാരത്തിലും പാർപ്പിടത്തിലും ടെക്നോളജിയിലും സ്വയംപര്യാപ്തതയിലെത്താൻ പഠിപ്പിക്കാത്ത, മാനുഷികമൂല്യങ്ങൾക്ക് വില കല്പിക്കാൻ വഴിയൊരുക്കാത്ത, അന്യരെ അംഗീകരിക്കാൻ പഠിപ്പിക്കാത്ത, താൻ ആരാണെന്നും എന്തിനിവിടെ ജന്മംകൊണ്ടെന്നും എന്താണ് സത്യമെന്നും ധർമമെന്നും നീതിയെന്നും പഠിപ്പിക്കാത്ത, കാലുവാരികളുടെയും തമ്മിൽത്തല്ലുകാരുടെയും അഹങ്കാരികളുടെയും അലസരുടെയും പറുദീസ സൃഷ്ടിക്കുന്ന, കാരുണ്യമില്ലാത്ത ഹൃദയശൂന്യരെ സൃഷ്ടിക്കുന്ന വിദ്യാഭ്യാസം തന്നെ ഇനിയും തുടരണമെന്നു പറയുന്നത് തികച്ചും പരിതാപകരമാണ്.

നിലവിലുള്ള വിദ്യാഭ്യാസത്തിന്റെ സമൂലമാറ്റം അനിവാര്യമാണ് എന്നത് കാലഘട്ടത്തിന്റെ ആവശ്യമാണ്. അതിന്റെ പ്രതിഫലനങ്ങളാണ് ലോകമെമ്പാടും ഇങ്ങ് സാരംഗിലും കനവിലും കാണുന്ന ബദൽ വിദ്യാപീഠങ്ങൾ. മാറ്റം ഏതു തരത്തിലായിരിക്കണം എന്നത് വേറെ വിഷയമാണ്. അത് ഡി.പി.ഇ.പി. ആയിപ്പോയി എന്നതുകൊണ്ടു മാത്രം, മാറ്റത്തെ തള്ളിപ്പറയരുത്. ഡി.പി.ഇ.പി.യിലെ പോരായ്മകൾ (മാറ്റത്തിലെ പോരായ്മകൾ) തിരുത്തി മാറ്റം കാലാനുസൃതമാക്കുകയാണ് വേണ്ടത്.

എന്താണ് നിലവിലുള്ള നമ്മുടെ വിദ്യാഭ്യാസത്തിന്റെ പോരായ്മകൾ എന്നതാണ് നമുക്ക് വ്യക്തമാകേണ്ട കാര്യം. മറ്റു പദ്ധതികളിലെന്നപോലെ വിദ്യാഭ്യാസത്തിനും വ്യക്തമായ ഒരു അടിത്തറയില്ലാതായിപ്പോയി എന്നതാണ് കാതലായ കാര്യം. എന്താണ് ഈ അടിത്തറ. അത് എങ്ങിനെയാണ് രൂപപ്പെടുത്തുക എന്നാണ് നാം കൂട്ടായി ചിന്തിക്കേണ്ടത്. ഓരോ കുരുന്നിലും സ്വതസിദ്ധമായ അറിവ് അവന്റെ ഉള്ളിൽ ഉറങ്ങുന്നു.

നാലു ബില്യൺ വർഷത്തിനും അപ്പുറത്തുള്ള അനന്തമായ അറിവ് ഓരോരുത്തരിലും സജീവമായി കുടികൊള്ളുന്നു. ഈ അറിവിനെ ഉണർത്താനുതകുന്ന ഒരു പാഠ്യപദ്ധതിയായിരിക്കണം നമ്മുടെ പ്രാഥമിക വിദ്യാഭ്യാസം. ഇതായിരിക്കണം നമ്മുടെ വിദ്യാഭ്യാസത്തിന്റെ അടിത്തറ. അത്തരം ഒരു വിദ്യാഭ്യാസ പദ്ധതിക്കു മാത്രമേ സംസ്കാരമൂല്യമുള്ള, വിവേചനാശക്തിയുള്ള 'തലമുറയെ വാർത്തെടുക്കാനാവൂ.

ഇവിടെ ശ്രദ്ധിക്കേണ്ട കാര്യം, ഡി.പി.ഇ.പി.യിൽ അറിവിന്റെ അടിത്തറയിടാനുതകുന്ന ചെറുപൊരികൾ അറിഞ്ഞോ അറിയാതെയോ ഉണ്ട് എന്നതാണ്. കളികളിലൂടെ പരിസര പാഠം പഠിക്കുന്ന കുട്ടിയിലുണരുന്നത് സ്വതസിദ്ധമായ അറിവാണ്. ഡി.പി.ഇ.പി.യെ വെറും ഓലപീപ്പി കളി മാത്രമാണെന്ന് വിലയിരുത്താൻ വരട്ടെ. ചർച്ച തുടരണം. ഡി.പി.ഇ.പി.യെ പരമാവധി ശരിയിലെത്തിക്കാൻ നാം ശ്രദ്ധിക്കേണ്ടതുണ്ട്.

ലോകബാങ്കിന്റെ പണത്തെപ്പറ്റി. അതില്ലാത്ത ഏതു പദ്ധതിയാണ് നമുക്കുള്ളത്. വിദ്യാഭ്യാസത്തിനു മാത്രമായി ഒരു ലോകബാങ്ക് ഗൂഢാലോചനയുണ്ടെന്ന് തോന്നുന്നില്ല. ഇന്ത്യയ്ക്കാണ് ലോകബാങ്ക് വായ്പ. സ്വയം പര്യാപ്ത സാമൂഹ്യസൃഷ്ടിക്കായി നിലകൊള്ളാത്ത രാജ്യം കടക്കെണിയിലാവുമെന്ന് പറയേണ്ട കാര്യമില്ലല്ലോ. തൽക്കാലം അത് ലോകബാങ്കിന്റെ കെണിയാണെന്നു മാത്രമേയുള്ളൂ.

ഇംഗ്ലീഷ്മീഡിയം സിലബസും കേരള സിലബസും എന്നും രണ്ടും രണ്ടാണ്. വിദ്യാഭ്യാസം ഒറ്റ സിലബസിൽ കീഴിൽ ആയിരുന്നെങ്കിൽ മാത്രമേ ഡി.പി.ഇ.പി. അവിടെയും ആകണമെന്ന വാദത്തിന് ന്യായമുള്ളൂ. ആര് എന്തു പഠിക്കണമെന്ന് സ്വയം തീരുമാനിക്കട്ടെ. വൈവിധ്യമാർന്ന പാഠ്യപദ്ധതികൾ തന്നെയാണ് നമുക്ക് വേണ്ടത്. തെറ്റായവ കെട്ടുപോവുമ്പോൾ ശരിയായവ തഴച്ചുവളരും. എത്ര കോടി പൗരന്മാരുണ്ടോ അത്രയും തരം പൗരന്മാരാണ് ഇവിടെയുള്ളതെന്നിരിക്കേ രണ്ടു തരം പൗരന്മാരെ സൃഷ്ടിക്കാനാണ് പാഠ്യപദ്ധതി ഉതകുക എന്ന വാദത്തിനു പ്രസക്തിയില്ലാതാവുന്നു.

ഗുരുകുല വിദ്യാഭ്യാസവും നളന്ദയും തക്ഷശിലയും കടന്ന് നാം എത്തിനില്ക്കുന്നത് നമ്മെ അടിമകളാക്കിയവർ അവർക്ക് വിടുപണി ചെയ്യാൻവേണ്ടി ഉണ്ടാക്കിയ വിദ്യാഭ്യാസ പദ്ധതിയിലാണ്. ഇന്ന് സ്കൂൾ ഒരു കറ തീർന്ന ഫാക്ടറിയാണ്. അധ്യാപകൻ അവിടത്തെ അവകാശബോധമുള്ള തൊഴിലാളിയും. ഈ വ്യവസായശാല പടച്ചിറക്കുന്ന ഗുണനിലവാരമില്ലാത്ത ഉത്പന്നമാണ് വിദ്യാർഥി. ഈ നില മാറിയേ പറ്റൂ. ചുട്ടെരിച്ച നളന്ദയുടെയും തക്ഷശിലയുടെയും ചാരത്തിൽ നിന്നും ഉയർത്തെണീറ്റ, പാരമ്പര്യ തനിമയുള്ള, ഭാരതമണ്ണിന്റെ സുഗന്ധമുള്ള, ഒരു പുത്തൻ വിദ്യാഭ്യാസപദ്ധതിയിൽ നാം എത്തിച്ചേരണം. മാറ്റം അവിടെക്കൊണ്ടെത്തിക്കാനുതകുന്ന മുറവിളിയാണ് ഉയർന്നുവരേണ്ടത്.

കുറ്റപ്പെടുത്തലുകൾ നമുക്ക് നിറുത്താം. നമുക്ക് ശരി എന്നു തോന്നുന്ന ആശയങ്ങൾ പ്രചരിപ്പിക്കാം. അതിന് പൂരകമായി, സാരംഗും കനവും പോലുള്ള കരുത്തുറ്റ ചെറുമോഡലുകൾ അനവധി ഉണ്ടാക്കാം. അതിനെ നിലനിർത്താൻ ശ്രമിക്കാം. പരിപോഷിപ്പിക്കാം. നാം ശരിയിലാണെങ്കിൽ അത് നിലനിൽക്കും. പടരും. അല്ലെങ്കിൽ അത് കൊഴിഞ്ഞുപൊയ്ക്കൊള്ളും.

–കെ.വി. ദയാൽ, മുഹമ്മ




ചർച്ചാവേദി

